# പ്രയോഗവത്കരണ കാലത്തെ പരാജയങ്ങൾ

ഹാരിസ് ഫറോക്ക്

'**മഴവിൽ** ലോകത്തെ ഇസ്‌ലാം' എന്ന സി. ദാവൂദിന്റെ ലേഖനം, അതിദ്രുതം മാറിക്കൊണ്ടിരിക്കുന്ന ലോകത്ത് ഇസ്‌ലാമിന്റെ പ്രതിനിധാനത്തിന് പുതിയ വാതായനങ്ങൾ അന്വേഷിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു. 1924 ൽ ഖിലാഫത്തിന്റെ പതനത്തോടെ ഇസ്‌ലാമിക ലോകം നേരിട്ട പ്രതിസന്ധിയെ ശക്തമായി മറികടന്ന ലോക ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന ഇസ്‌ലാമിക പ്രതിനിധാനങ്ങളുടെ പരിവർത്തനം ശ്ലാഘനീയം തന്നെ. എങ്കിലും പുതിയ കാലത്തിന്റെ വേഗതയോട് താദാത്മ്യം പ്രാപിക്കാൻ പരിവർത്തനത്തിന്റെ വേഗതക്ക് സാധിക്കുന്നില്ലെങ്കിൽ നാം ഒന്നു മനസിലാക്കുക; വൈകിയുദിക്കുന്ന വിവേകങ്ങളെ കാലം കാത്തുനിൽക്കാറില്ല! ഏതൊരു നവോത്ഥാന പ്രവർത്തനങ്ങൾക്കു ശേഷവും ആ പ്രസ്ഥാനങ്ങൾ നേടിയെടുക്കുന്ന അപ്രമാദിത്വം അത് ആർജിച്ചെടുത്ത കുത്തൊഴുക്കിനെ തളച്ചിടാറുണ്ട്. കഴിഞ്ഞു പോയ പ്രതാപത്തിന്റെ തണലിൽ വിശ്രമിക്കുക എന്നത് മനുഷ്യസഹജമാണ്. പക്ഷേ തിരിച്ചറിവ് ലഭിക്കുമ്പോഴേക്കും നവോത്ഥാന പ്രസ്ഥാനങ്ങൾ പുതിയ ലോകത്ത് യാഥാസ്ഥിതിക പ്രസ്ഥാനങ്ങളായി മാറാനുള്ള സാധ്യതയാണ് സി. ദാവൂദിന്റെ നിരീക്ഷണങ്ങളിൽ തെളിയുന്നത്.

ഇസ്‌ലാം അതിസങ്കീർണമായ ഒരു ജീവിത വ്യവസ്ഥയെ ഒരു ഘട്ടത്തിലും മനുഷ്യനുമേൽ അടിച്ചേൽപ്പിച്ചിട്ടില്ല. അന്ത്യപ്രവാചകൻ മുഹമ്മദ് നബി(സ)യിലൂടെ ദൈവത്തിന്റെ അവസാന നിയമ നിർദേശങ്ങൾ മനുഷ്യരാശിക്ക് അവതരിപ്പിക്കപ്പെട്ടപ്പോഴും, അത് അറേബ്യൻ നാഗരികതയുടെ എല്ലാവിധ ഐഡന്റിറ്റിയെയും അംഗീകരിച്ചുകൊണ്ടും എന്നാൽ അതിൽനിന്ന് ദൈവികവിരുദ്ധമായ എല്ലാ ബോധത്തെയും നിരാകരിച്ചുകൊണ്ടുമാണ് അവതീർണമായത്. ഇസ്‌ലാം പുതിയൊരു സമൂഹത്തെ കൃത്രിമായി ഉൽപാദിപ്പിക്കുകയായിരുന്നില്ല, മറിച്ച് അവരിലേക്ക് ഒരു ഹൃദയഗീതം പോലെ പെയ്തിറങ്ങുകയായിരുന്നു. അതിലൂടെ സ്വാഭാവികമായ വളർച്ച ആ നാഗരികത കൈവരിച്ചു. ഈയൊരു യാഥാർഥ്യബോധം നഷ്ടപ്പെടുമ്പോഴും ഇസ്‌ലാം സമം അറേബ്യൻ നാഗരികതയെന്നോ അല്ലെങ്കിൽ മധ്യകാല യുഗമെന്നോ തെറ്റായബോധം സന്നിവേശിപ്പിക്കപ്പെടുമ്പോഴും ഇന്ത്യയെ പോലെ അതിസങ്കീർണമായ സാമൂഹികാവസ്ഥയിൽ ആത്മാർഥമായി എടുക്കുന്ന ചുവടുവെപ്പുകൾ പോലും അടവുനയങ്ങളായോ അധീരമായതായോ ആയി വിലയിരുത്തപ്പെടാൻ സാധ്യതയേറെയാണ്.

**ഇസ്‌ലാം പുതിയൊരു സമൂഹത്തെ കൃത്രിമായി ഉൽപാദിപ്പിക്കുകയായിരുന്നില്ല, മറിച്ച് അവരിലേക്ക് ഒരു ഹൃദയഗീതം പോലെ പെയ്തിറങ്ങുകയായിരുന്നു. അതിലൂടെ സ്വാഭാവികമായ വളർച്ച ആ നാഗരികത കൈവരിച്ചു. ഇസ്‌ലാം സമം അറേബ്യൻ നാഗരികതയെന്ന തെറ്റായ ബോധം സന്നിവേശിപ്പിക്കപ്പെടുമ്പോൾ ഇന്ത്യയെ പോലെ അതിസങ്കീർണമായ സാമൂഹികാവസ്ഥയിൽ ആത്മാർഥമായി എടുക്കുന്ന ചുവടുവെപ്പുകൾ പോലും അടവുനയങ്ങളായോ അധീരമായതായോ ആയി വിലയിരുത്തപ്പെടാൻ സാധ്യതയെറെയാണ്.**

ഒരോ കാലഘട്ടത്തിലെയും ഇസ്‌ലാമിക നവോത്ഥാന പ്രസ്ഥാനങ്ങൾക്കും അവയുടെ നായകന്മാർക്കും മഹത്വത്തിന് അർഹതയുണ്ട്. മൗലാന അബുൽ അഅ്‌ലാ മൗദൂദി അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ നിർവഹിച്ച ദൗത്യം ശ്രദ്ധേയവും ധീരവുമായിരുന്നു. പക്ഷേ അദ്ദേഹത്തിന്റെ തീക്ഷ്ണമായ ചിന്തയുടെ പ്രായോഗികവൽക്കരണത്തിന്റെ കാലഘട്ടത്തിൽ, അത്തരം പ്രതിഭകളുടെ അസാന്നിധ്യത്തിൽ ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിക്ക് അതിന്റെ സ്ഥാപകനേതാവിനോട് നീതി പുലർത്താൻ സാധിച്ചിട്ടില്ല. സധൈര്യം പുതിയ ക്രിയാത്മകമായ ചുവെടുവെപ്പുകളുമായി മുന്നോട്ടു പോവുകയെന്നതാണ് ജമാഅത്തെ ഇസ്‌ലാമിയെ പോലുള്ള നവോത്ഥാന പ്രസ്ഥാനങ്ങൾക്ക് ഇസ്‌ലാമിനോടും ഈ കാലത്തോടും ചെയ്യാനുള്ള ധർമം.

കാലം തേടുന്നത് ഭീരുത്വത്തെ പ്രത്യയശാസ്ത്രവൽക്കരിക്കുന്ന പൗരോഹിത്യത്തെയല്ല, മറിച്ച് ധീരതക്ക് തന്ത്രംമെനയുന്നവരെയാണ്. ■

ilfahasoon@gmail.com